**സ്നേഹിത കോളിംഗ് ബെൽ വാരാചരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്**

**സൂചന - കെ എസ് /എൽ/**993/2013 **തീയതി** 23/05/2018

---

**കെ എസ് എച്ച് ഒ /എം2/993/13 തീയതി 19/10/2019**

---

## പരിപത്രം

സൂചന ഉത്തരവു പ്രകാരം സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർക്കാവശ്യമായ സാമൂഹിക -മാനസിക പിന്തുണ ലഭ്യമാക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇതു പ്രകാരം സംസ്ഥാനത്താകെ 57,555 സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കൾ ഈ പദ്ധതിയിലുൾപ്പെടുന്നു. പദ്ധതിയിൽ ഉൾപ്പെടുന്നവരുടെ ആവശ്യങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരിക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുക, **'ആരും ഒറ്റയ്ക്കല്ല, സമൂഹം കൂടെയുണ്ട്'** എന്ന് സ്വീകർത്താക്കളെ ബോധ്യപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ **2019 നവംബർ 15 മുതൽ 21 വരെ സ്നേഹിതാ കോളിംഗ് ബെൽ വാരാചരണം സംഘടിപ്പിക്കുന്നു.** ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി
ഡയറക്ടർ(A&F)
കുടുംബശ്രീ

---

സ്വീകർത്താവ്,
ജില്ലാ മിഷൻ കോ ഓർഡിനേറ്റർ, കുടുംബശ്രീ
കരുതൽ/ അധികം

## ആമുഖം

കാസർഗോഡ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ **2017-18** വർഷത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ. ഒരു അയൽക്കൂട്ട പരിധിയിൽ ഒറ്റപ്പെട്ട താമസിക്കുന്ന ആളുകളെ കണ്ടെത്തി അയൽക്കൂട്ട ആരോഗ്യദായക വോളന്റിയറുടെ നേതൃത്വത്തിൽ അവർക്കാവശ്യമായ മാനസിക പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടുകൂടി കാസർകോഡ് ജില്ലാമിഷനാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഒറ്റപ്പെട്ടു കഴിയുന്നവരുടെ സുരക്ഷയും അവർക്കാവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതും ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി പരിഗണിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ 2018-19 വർഷം 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഈ വലിയ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കുടുംബശ്രീ മിഷന് പ്രേരകശക്തിയായത് 2.90 ലക്ഷം വരുന്ന അയൽക്കൂട്ടങ്ങളിലെ സേവന സന്നദ്ധരായ കുടുംബശ്രീ അംഗങ്ങളാണ്. പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ **57,555** വ്യക്തികളെയാണ് ആദ്യഘട്ടത്തിൽ പതിനാല് ജില്ലകളിൽ നിന്നുമായി കണ്ടെത്തിയത്. കണ്ടെത്തിയ വ്യക്തികളുടെ വിവരങ്ങൾ രണ്ടു ഘട്ടങ്ങളിലായി വിശകലനത്തിന് വിധേയമാക്കുകയും ചെയ്തു. നേരിട്ട് ഇവരുടെ വീടുകൾ സന്ദർശിച്ച് പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരെ ഉറപ്പാക്കുകയും ഇവരുടെ വിവിധ ആവശ്യങ്ങൾ പങ്കാളിത്ത രീതിയിൽ പട്ടികപ്പെടുത്തുകയും ചെയ്തു. രണ്ടു രീതിയിലുള്ള പിന്തുണാ സ്വീകർത്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

- സാമൂഹിക, സാമ്പത്തിക ജീവിത സാഹചര്യങ്ങൾ മെച്ചമെങ്കിലും ഒറ്റയ്ക്ക് കഴിയേണ്ടി വരുന്നവർ. ഉദാ- മക്കൾ വിദേശത്തായതിനാൽ ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾ
- സാമൂഹിക, സാമ്പത്തിക ജീവിത സാഹചര്യം മോശമായതും ഒറ്റപ്പെട്ടു കഴിയുന്നവരുമായവർ.

ഇതിൽ ആദ്യത്തെ വിഭാഗത്തിനാവശ്യം അവർക്ക് ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കുക എന്നതാണ്. അയൽക്കൂട്ടാംഗങ്ങളുടെ സന്ദർശനം, ഫോൺ സംഭാഷണം എന്നിവ വഴി ഇവർക്കാവശ്യമായ മാനസിക പിന്തുണ നൽകാൻ കഴിയും. എന്നാൽ രണ്ടാമത്തെ വിഭാഗത്തിന്റെ കാര്യത്തിൽ കാര്യങ്ങൾ കുറേക്കൂടി സങ്കീർണ്ണമാണ്. ഏകാന്തത, ദാരിദ്ര്യവുമായി ബന്ധപ്പെട്ട മറ്റ് അരക്ഷിതാവസ്ഥകൾ എന്നിവ ഇവരുടെ ജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു. ഇവർക്ക് മാനസിക പിന്തുണയോടൊപ്പം സാമൂഹിക - സാമ്പത്തിക പിന്തുണയും ആവശ്യമാണ്. ഇവർക്കാവശ്യമായ വിവിധ സേവനങ്ങൾ കുടുംബശ്രീ പ്രവർത്തകർ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിർവ്വഹിച്ചു വരുന്നു.

ഈ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുക, പ്രവർത്തനങ്ങൾക്കാവശ്യമായ ബഹുജന പിന്തുണ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2019 നവംബർ 15 മുതൽ 21 വരെ സ്നേഹിത കോളിംഗ് ബെൽ വാരാചരണം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

സ്നേഹിത കോളിംഗ് ബെൽ വാരാചരണത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- '**ആരും ഒറ്റയ്ക്കല്ല സമൂഹംകൂടെയുണ്ട്**' എന്ന് സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളെ ബോധ്യപ്പെടുത്തുന്നതിനും സ്വീകർത്താക്കളുടെ പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ പരിഗണനയിലേക്ക് കൊണ്ടു വരുന്നതിനും ഈ പരിപാടി ലക്ഷ്യം വെയ്ക്കുന്നു.
- പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുക
- ആദ്യ രണ്ടു ഘട്ടങ്ങളിലും വിട്ടുപോയ അർഹരായവരെ കണ്ടെത്തി സ്വീകർത്താക്കളുടെ പട്ടിക നാളീതീകരിക്കുക
- സ്നേഹിത കോളിംഗ് ബെൽ പ്രവർത്തനം തങ്ങളുടെ ഉത്തരവാദിത്തമാണെന്ന് അയൽക്കൂട്ടങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള സാമൂഹിക വിദ്യാഭ്യാസം സംഘടിപ്പിക്കുക
- നാളിതുവരെ നടന്ന പദ്ധതി പ്രവർത്തനം പങ്കാളിത്തരീതിയിൽ അവലോകനം ചെയ്യുക
- പിന്തുണാ സ്വീകർത്താക്കളുടെ വ്യക്തിഗത പ്ലാൻ തയ്യാറാക്കുക
- വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ പിന്തുണ ഉറപ്പാക്കുക

## ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ

### 1. സാമൂഹിക പിന്തുണ ഉറപ്പാക്കൽ

സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളുടെ പ്രശ്നങ്ങൾ പൊതുജന പരിഗണനയിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. സർക്കാരിന്റെ നയരൂപീകരണത്തിലും പദ്ധതികളിലും ഇവരുടെ ആവശ്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് ഇത് ആവശ്യമാണ്. ഇതിനായി മന്ത്രിമാർ, എം പിമാർ, എം എൽ എമാർ, ജില്ലാ കളക്ടർ, പോലീസ് ചീഫ്, തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ എന്നിവരെ സ്വീകർത്താക്കളുടെ ഭവന സന്ദർശനത്തിനായി ക്ഷണിക്കണം. ഗ്രാമപഞ്ചായത്ത് അംഗം/നഗരസഭാ കൗൺസിലർ മുതൽ എല്ലാ ജനപ്രതിനിധികളും ഈ

പരിപാടിയിൽ പങ്കെടുക്കുന്നവെന്ന് ഉറപ്പാക്കണം. **നവംബർ 15,16,17 തീയതികളിൽ ഇവരുടെ നേതൃത്വത്തിലുള്ള ഭവന സന്ദർശനം ആസൂത്രണം ചെയ്യണം.**

2. **തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനം**

വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടു കഴിയുന്നവർക്ക് അവരുടെ ഒറ്റപ്പെടൽ അവസാനിപ്പിക്കുന്നതിനും സമൂഹം കൂടെയുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിനുമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ആദ്യ രണ്ടു ഘട്ടങ്ങളിലെ അവസ്ഥാ പഠനങ്ങളിൽ നിന്നും ഇവർക്ക് മാനസിക പിന്തുണ മാത്രമല്ല ആവശ്യമെന്നും സാമൂഹിക, സാമ്പത്തിക, ഭൗതിക പിന്തുണ ആവശ്യമാണെന്നും കണ്ടെത്തി. ഇവരിൽ ചിലർ അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കളാണ്. ഇത്തരക്കാർക്ക് അഗതിരഹിത കേരളം പദ്ധതിയിലൂടെ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു കഴിയും. എന്നാൽ മറ്റു ചിലരാകട്ടെ മാനദണ്ഡപ്രകാരം അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പെടാത്തവരും എന്നാൽ അരക്ഷിത ജീവിതം നയിക്കുന്നവരുമാണ്. ചിലർ ഇനിയും അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടേണ്ടവരുമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയൂ. നിലവിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇവർക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതു കുറേക്കൂടി ചിട്ടപ്പെടുത്തുന്നതിനും **രണ്ടു ഘട്ടങ്ങളിലായി നടത്തിയിട്ടുള്ള ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ഡേറ്റയുടെ സഹായത്തോടെ വിശദമായ വികസന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻപാകെ അവതരിപ്പിക്കുന്നതിനു കഴിയണം.** സ്നേഹിത ജീവനക്കാർ, സംഘടനാ ചുമതലയുള്ള ബ്ലോക്ക് കോ ഓർഡിനേറ്റർമാർ, ജെന്റർ കോർ ടീം അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേക്കും ആവശ്യമായ വികസന നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കണം. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ ഈ വികസന നിർദ്ദേശങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കണം. ഇതിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്മാരെ സന്ദർശിച്ച് ആവശ്യമായ മുന്നൊരുക്കം നടത്തണം. വാരാചരണ സമയത്തോ അതിനോടു ചേർന്ന ഏറ്റവുമടുത്ത സമയത്തോ ഈ പ്രവർത്തനം പൂർത്തീകരിക്കണം. ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പൊതു വികസന നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത്തരം നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കമ്മിറ്റി മുൻപാകെ അവതരിപ്പിക്കുന്നതിനു പരിശ്രമിക്കണം. ഉദാ- പകൽ വീട്,

അനാഥരായവരെ സംരക്ഷിക്കുന്നതിനായുള്ള പരിപാലന കേന്ദ്രങ്ങൾ, പോഷകാഹാര പരിപാടികൾ മുതലായവ.

3. **അയൽക്കൂട്ടാംഗങ്ങൾക്കുള്ള സാമൂഹിക വിദ്യാഭ്യാസം**

പതിനാലു ജില്ലകളിലുമായി 57,555 വ്യക്തികളെയാണ് നിലവിൽ പിന്തുണാ സ്വീകർത്താക്കളായി കണ്ടെത്തിയിട്ടുള്ളത്. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയും/നിശ്ചിത ഇടവേളകളിൽ ഇവരെ സന്ദർശിച്ച് ആവശ്യമായ മാനസിക പിന്തുണ നൽകി വരുന്നു. ഇനിയും പലകാരണങ്ങളാൽ ഒറ്റപ്പെട്ടു കഴിയുന്നവരെ കണ്ടെത്താൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ അത്തരക്കാരെ അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ കണ്ടെത്തി സ്നേഹിത കോളിംഗ് ബെൽ പിന്തുണാ സ്വീകർത്താക്കളുടെ പട്ടിക നാളീതീകരിക്കണം. ഓരോ അയൽക്കൂട്ടാംഗവും അരികുവത്ക്കരിക്കപ്പെട്ടവരുടെ ഉന്നമനം തങ്ങളുടെ സാമൂഹിക ഉത്തരവാദിത്തമായി കരുതണം. **ഇതിനായി എല്ലാ അയൽക്കൂട്ടങ്ങളിലും സാമൂഹ്യ പ്രതിജ്ഞ എടുക്കുകയും വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടു പോയവർക്ക് മാനസിക പിന്തുണ നൽകേണ്ടത് തങ്ങളുടെ സാമൂഹിക ധർമ്മമാണെന്ന് അയൽക്കൂട്ടങ്ങൾ സ്വയം തിരിച്ചറിയുകയും വേണം. നവംബർ 15,16,17തീയതികളിൽ ചേരുന്ന അയൽക്കൂട്ട യോഗങ്ങളിൽ സംസ്ഥാന മിഷൻ തയ്യാറാക്കി നൽകുന്ന കുറിപ്പ് വായിച്ച് ചർച്ച ചെയ്യുകയും അംഗങ്ങൾ പ്രതിജ്ഞ എടുക്കുകയും വേണം.** ജനപ്രതിനിധികളെ ഈ യോഗത്തിലേക്കും ക്ഷണിക്കാവുന്നതാണ്. **ഈ പദ്ധതിയുമായി ബന്ധപെട്ട് മികച്ച പ്രവർത്തനം കാഴ്ചവെച്ച അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും അവരുടെ മാതൃകകൾ മറ്റുള്ളവരെ പരിചയപ്പെടുത്തുന്നതിനുമായി പ്രത്യേകം ശ്രദ്ധിക്കണം.**

4. **പ്രവർത്തനാവലോകനവും വ്യക്തിഗത പ്ലാൻ തയ്യാറാക്കലും**

**സി ഡി എസ് തലത്തിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം തുടർന്നുള്ള പ്രവർത്തനാസൂത്രണത്തിൽ നിർണ്ണായകമാണ്.** അർഹരായവരെ ഉൾപ്പെടുത്താൻ കഴിഞ്ഞോ? പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഏതു തരത്തിലുള്ള സഹായമാണ് ലഭ്യമാക്കിയത്? ഇവരുടെ ജീവിതത്തിൽ എന്തുമാറ്റമാണ് വന്നിട്ടുള്ളത്? ഇനിയും ഏതു തരത്തിലുള്ള പിന്തുണയാണ് ഇവർക്കാശ്യം? അയൽക്കൂട്ടങ്ങൾ ഈ പ്രവർത്തനത്തിൽ സക്രിയമായി ഇടപെടുന്നുണ്ടോ? ഇല്ലായെങ്കിൽ എന്താണ് കാരണം? തുടങ്ങി നിരവധി വിഷയങ്ങൾ അവലോകനം ചെയ്യേണ്ടതായിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ സാന്നിദ്ധ്യത്തിൽ സി ഡി എസ് സാമൂഹിക ഉപസമിതിയാണ് ഈ അവലോകനം സംഘടിപ്പിക്കേണ്ടത്. **കുറ്റങ്ങൾ കണ്ടു പിടിക്കാനല്ല മറിച്ച് കുറവുകൾ മനസ്സിലാക്കി പദ്ധതി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് അവലോകനം**

**പ്രയോജനപ്പെടുത്തേണ്ടത്. അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത പ്ലാൻ തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.**

**5. തുടർ പ്രവർത്തനാസൂത്രണം**

**പിന്തുണാ സ്വീകർത്താക്കളുടെ വ്യക്തിഗത പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യകതാ പട്ടിക തയ്യാറാക്കുകയും ഇതിൽ ഏതെല്ലാം ആവശ്യങ്ങൾ ആരെല്ലാം ഏതെല്ലാം സമയങ്ങളിൽ നിർവ്വഹിക്കുമെന്ന് ആസൂത്രണം ചെയ്യുകയും വേണം.** ആവശ്യങ്ങളിൽ ചിലത് അയൽക്കൂട്ടങ്ങൾക്ക് സ്വയം നിർവ്വഹിക്കൻ കഴിയുന്നതായിരിക്കും. മറ്റു ചിലത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൂർത്തീകരിക്കാൻ കഴിയുന്നവയായിരിക്കും. ചില ആവശ്യങ്ങൾ മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ,വ്യക്തികൾ എന്നിവരുടെ സഹായത്തോടെ പൂർത്തീകരിക്കാൻ കഴിയുന്നവയായിരിക്കും. ഇവിടെയാണ് കുടുംബശ്രീ പദ്ധതികൾ തമ്മിലും മറ്റ് വകുപ്പുകളുടെ സമാന പ്രവർത്തനങ്ങൾ തമ്മിലും തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരിക്കാൻ തയ്യാറുള്ള സ്വകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുമായുള്ള പ്രവർത്തന ഏകോപനം ആവശ്യമായി വരുന്നത്. ആവശ്യങ്ങളിൽ തന്നെ പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും <u>സമയമെടുത്തു</u> പൂർത്തീകരിക്കേണ്ടതുമായ ആവശ്യങ്ങൾ ഉണ്ടാകാം. ആവശ്യകതാ പട്ടികയിൽ ഇക്കാര്യംക്കൂടി സൂചിപ്പിക്കണം. ഉദാ: ഒരു പിന്തുണാ സ്വീകർത്താവിന് കണ്ണിന് കാഴ്ച കുറവാണ്. ഡോകടറുടെ നിർദ്ദേശ പ്രകാരം ഒരു കണ്ണട ലഭിച്ചാൽ ഇവർക്ക് ഇവരുടെ കാര്യങ്ങൾ സ്വയം നിർവ്വഹിക്കാൻ കഴിയും. ഇത്തരമൊരു സാഹചര്യത്തിൽ സർക്കാർ പദ്ധതിയുടെ നടത്തിപ്പിനായി കാത്തിരിക്കാതെ ഒരു സ്വാകാര്യ വ്യക്തിയുടേയോ സ്ഥാപനത്തിന്റെയോ സഹായത്തോടെ ഈ ആവശ്യം പൂർത്തീകരിക്കാൻ കഴിയും. ഒരാൾക്ക് അയാളുടെ നഷ്ടപ്പെട്ട നടവഴി തിരികെ ലഭിക്കണമന്നായിരിക്കും മറ്റൊരാവശ്യം. റവന്യൂ അധികാരികൾ,പോലീസ്, ജനപ്രതിനിധികൾ ഇവരുടെ സഹായത്തോടെ ഈ ആവശ്യം പൂർത്തീകരിക്കാൻ കഴിയും. ഇതിനായി തദ്ദേശഭരണ തലത്തിലും ബ്ലോക്ക്,ജില്ലാതലത്തിലും വിവിധ സ്ഥാപനങ്ങളുമായുള്ള ഏകോപന യോഗങ്ങൾ സംഘടിപ്പിക്കണം. വാരാചരണ <u>സമയത്തു</u> ഇത്തരമൊരു യോഗം നടത്താൻ പരിശ്രമിക്കണം. അതു സാധ്യമാകുന്നില്ലായെങ്കിൽ വരാചരണത്തിനു ശേഷം തൊട്ടടുത്ത ആഴ്ച തന്നെ ഈ പ്രവർത്തനം പൂർത്തീകരിക്കണം.

**ആവശ്യകതാ നിർദ്ദേശങ്ങളെ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെ ഒരു അദാലത്ത് സംഘടിപ്പിച്ചാൽ**

**ഇവരുടെ ഒട്ടേറെ ആവശ്യങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാൻ കഴിയും. അതുപോലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ എല്ലാ സി ഡി എസ്/ബ്ലോക്കുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ കഴിയും. ആവശ്യകതാ നിർദ്ദേശങ്ങളിൽ പിന്തുണാ സ്വീകർത്താക്കൾക്ക് അനുയോജ്യമായ തൊഴിൽ പരിശീലനം ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.**

## സ്നേഹിത കോളിംഗ് ബെൽ വരാചരണത്തിന്റെ ഭാഗമായുള്ള പ്രത്യേക അയൽക്കൂട്ട യോഗം - നടപടി ക്രമം

അയൽക്കൂട്ടയോഗങ്ങൾ ചേരുന്നതിന് രണ്ടു രീതിയിലുള്ള സമീപനമാണ് നാം സ്വീകരിക്കേണ്ടത്.

**1. സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളെ കണ്ടെത്തി നിലവിൽ സേവനം നൽകി വരുന്ന അയൽക്കൂട്ടങ്ങളിൽ**

അയൽക്കൂട്ടയോഗങ്ങൾ നവംബർ 15,16,17 തീയതികളിൽ ചേരുന്നതിനാവശ്യമായ നിർദ്ദേശം എല്ലാ അയൽക്കൂട്ടങ്ങൾക്കും നൽകണം. എന്നാൽ വെള്ളി, ശനി, ഞായർ ദിവസങ്ങളിലല്ലാതെ മറ്റേതെങ്കിലും ദിവസമാണ് അയൽക്കൂട്ടങ്ങൾ യോഗം ചേരുന്നതെങ്കിൽ ആ ദിവസം പ്രസ്തുത അയൽക്കൂട്ടങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചാൽ മതിയാകും.

പതിവു അയൽക്കൂട്ട യോഗത്തിൽ നിന്നും വ്യത്യസ്തമായി അയൽക്കൂട്ടാംഗങ്ങളെയും അയൽപക്ക കുടുംബാംഗങ്ങളെയും ബാലസഭാ പ്രവർത്തകരെയും ഈ യോഗത്തിലേക്ക് ക്ഷണിക്കാവുന്നതാണ്. സ്നേഹിത കോളിംഗ് ബെൽ വാരാചരണ പരിപാടികൾ ആരംഭിയ്ക്കുന്നതിനു മുൻപായി അയൽക്കൂട്ടത്തിന്റെ പതിവു ബിസനസുകൾ പൂർത്തീകരിക്കണം. ഉദാ: അയൽക്കൂട്ട യോഗം രണ്ടു മണിക്കാണ് കൂടുന്നതെങ്കിൽ ആദ്യ രണ്ടു മണിക്കൂർ സമയം പതിവു ബിസനസുകൾക്കായി നീക്കിവെക്കണം. (അയൽക്കൂട്ടത്തിന്റെ തീരുമാനം പോലെ) അതിനു ശേഷം വാരാചരണ പരിപാടികൾ ആരംഭിക്കണം. ഇതിൽ അയൽപക്ക കുടുംബാംഗങ്ങളെയും വിശിഷ്ടാതിഥികളെയും പങ്കെടുപ്പിക്കണം. ഈ യോഗത്തിൽ സ്നേഹിത കോളിംഗ് ബെൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കണം. **(എല്ലാ ആഴ്ചയും മിനിട്സ് ബുക്കിൽ സ്നേഹിത കോളിംഗ് ബെൽ പ്രവർത്തന റിപ്പോർട്ട് രേഖപ്പെടുത്തണം)** ആരോഗ്യ വിദ്യാഭ്യാസ വൊളന്റിയർ/അയൽക്കൂട്ടം തീരുമാനിക്കുന്ന വ്യക്തി ആയിരിക്കണം റിപ്പോർട്ട് അവതരിപ്പിക്കേണ്ടത്.

സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പ്രവർത്തനങ്ങളാണ് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടത്.

തുടർന്ന് വിശിഷ്ടാതിഥിയുടെ നേതൃത്വത്തിൽ സ്നേഹിത വാരാചരണ പ്രതിജ്ഞ എല്ലാവരും എടുക്കണം. ഇതിനു ശേഷം ഈ പ്രവർത്തനം എപ്രകാരം മെച്ചപ്പെടുത്താമെന്നുള്ള ചർച്ച നടക്കണം. കൂടാതെ അയൽക്കൂട്ട പ്രദേശത്ത് ഇപ്രകാരം ഒറ്റപ്പെട്ട് കഴിയുന്നവർ ഇനിയും ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തണം. അത്തരം വീടുകൾ കൂട്ടായി സന്ദർശിക്കുന്നതിനു തീരുമാനിക്കണം. അയൽപക്കവുമായി ബന്ധമില്ലാത്ത വീടുകൾ പ്രത്യേകം കുറിച്ചു വെയ്ക്കുകയും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഈ വീടുകൾ സന്ദർശിക്കുകയും വേണം.

പ്രത്യേക യോഗ നടപടികൾ അവസാനിച്ചാൽ എല്ലാവരും കൂടിയോ നിശ്ചയിക്കപ്പെട്ടവർ മാത്രമായോ ഏറ്റവും അരക്ഷിതാവസ്ഥയിലുള്ള സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താവിന്റെ ഭവന സന്ദർശനത്തിനായി പോകണം. **ഇപ്രകാരം സന്ദശിക്കാൻ വരുമെന്ന് പ്രസ്തുത കുടുംബത്തെ മുൻക്കൂട്ടി അറിയിക്കണം. അവരുമായി സന്തോഷം പങ്കുവെയ്ക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ അനൗപചാരികമായി അറിയുന്നതിനും വേണ്ടിയാണ് ഗൃഹസന്ദർശനം നടത്തുന്നത്.** ബാലസഭാ പ്രവർത്തകർ ഇവർക്കായി കലാപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. വാരാചരണത്തിന്റെ ഭാഗമായുള്ള പ്രത്യേക യോഗം ഇവരുടെ വീട്ടിൽ വെച്ചും വേണമെങ്കിൽ കൂടാവുന്നതാണ്. (സമ്മതമുണ്ടെങ്കിൽ മാത്രം) എന്നാൽ ഇത് ഒരു കാരണവശാലും ഈ കുടുംബത്തിന് ഒരു ബുദ്ധിമുട്ടാകരുത്.

## 2. സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളെ കണ്ടെത്താത്ത അയൽക്കൂട്ടങ്ങളിൽ

വാരാചരണത്തിന്റെ ഭാഗമായി ഇത്തരം അയൽക്കൂട്ടങ്ങളിലും പ്രത്യേക യോഗങ്ങൾ ചേരണം. സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ സാമൂഹ്യ പ്രധാന്യം സംസ്ഥാന മിഷൻ തയ്യാറാക്കിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഈ യോഗത്തിൽ ചർച്ച ചെയ്യണം. അയൽപക്കസഭയായി അയൽക്കൂട്ട പ്രദേശത്തുള്ളവരെയും യോഗത്തിലേക്ക് ക്ഷണിക്കണം. അയൽക്കൂട്ട പ്രദേശത്ത് ഒറ്റപ്പെട്ട് കഴിയുന്ന ആളുകളുടെ പട്ടിക ഇവിടെ വെച്ച് ചർച്ച ചെയ്തു തയ്യാറാക്കണം. തുടർന്ന് ഇവരുടെ വീടുകൾ ടീമായി സന്ദർശിക്കണം. ഈ പദ്ധതിയെപ്പറ്റി ഇവരോട് പറയണം.

താല്പര്യമുള്ള പക്ഷം ഇവരെ സ്നേഹിത കോളിംഗ് ബെൽ പദ്ധതിയിൽ സ്വീകർത്താക്കളായി ഉൾപ്പെടുത്തണം.

**ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയല്ലെന്നും ഒറ്റപ്പെട്ടു കഴിയുന്ന വ്യക്തികൾക്ക് സാമൂഹ്യ - മാനസിക പിന്തുണ നൽകി സന്തോഷപ്രദമായ ജീവിതം നയിക്കുന്നതിന് സഹായിക്കുന്ന ഒരു സാമൂഹ്യ സുരക്ഷിതത്വ പരിപാടിയാണിതെന്നും അയൽക്കൂട്ടാംഗങ്ങൾ ആദ്യം ബോധ്യപ്പെടണം. സ്വീകർത്താക്കളായി ഉൾപ്പെടുത്തുന്നവരെയും ഇക്കാര്യം ബോധ്യപ്പെടുത്തണം.**

**ഓർക്കുക .........**

നമ്മൾ സന്ദർശിക്കുന്നത് നമ്മുടെ ഏറ്റവും വേണ്ടപ്പെട്ടയാളെയാണ്. ഇവർ ഒരിക്കലും ഒരു കാഴ്ച വസ്തു അല്ല എന്ന് ഓർക്കണം. നമ്മുടെ ദയയും മഹാമനസ്കതയും കാണിക്കുന്നതിനല്ല മറിച്ച് നമ്മുടെ സഹഭാവം പ്രകടിപ്പിക്കുന്നതിനാണ് നാം ഇവരെ സന്ദർശിക്കുന്നത്. അതുകൊണ്ട് ഇവരുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന ഒന്നും സന്ദർശിക്കുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല.

## ആസൂത്രണ നിർവ്വഹണ ചുമതലകൾ

സ്നേഹിത കോളിംഗ് ബെൽ വാരാചരണം വിജയകരമായി സംഘടിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം ആസൂത്രണ നിർവ്വഹണ ചുമതലകൾ നിർവ്വഹിക്കണം.

**സംസ്ഥാന മിഷൻ**

- പ്രവർത്തനത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ, ഫോർമാറ്റുകൾ എന്നിവ തയ്യാറാക്കുക.
- ആവശ്യമായ പ്രചരണ പരിപാടികൾ സംസ്ഥാനാടിസ്ഥാനത്തിൽ നിർവ്വഹിക്കുക
- സംസ്ഥാനതല ഉദ്ഘാടനത്തിനാവശ്യമായ ക്രമീകരണം നടത്തുക
- ബഹു.മന്ത്രിമാർ, പാർലമെന്റംഗങ്ങൾ, നിയമസഭാസാമാജികർ എന്നിവർക്ക് പദ്ധതി പരിചയപ്പെടുത്തിക്കൊണ്ട് കത്തയക്കുക.
- കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗങ്ങൾക്ക് പദ്ധതി പരിചയപ്പെടുത്തിക്കൊണ്ട് കത്തയക്കുക.
- എല്ലാ തദ്ദേശഭരണ സ്ഥാപന അധ്യക്ഷന്മാർക്കും വാരാചരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തികൊണ്ട് കത്തയക്കുക.

- പ്രവർത്തന വിലയിരുത്തൽ നടത്തുക. ഇതിനനുസൃതമായി നയപരമായ തീരുമാനങ്ങൾ എടുക്കുക.

**ജില്ലാമിഷൻ**

- ജില്ലാതലത്തിലും സി ഡി എസ് തലത്തിലും തദ്ദേശഭരണ ജനപ്രതിനിധികളെ ഉൾപ്പെടുത്തി സംഘാടക സമിതികൾ രൂപീകരിക്കുക.
- തദ്ദേശഭരണസ്ഥാപന അധ്യക്ഷന്മാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്മാർ, സി ഡി എസ് ചെയർപേഴ്സന്മാർ, മെമ്പർസെക്രട്ടറിമാർ, സി ഡി എസ് സാമൂഹിക ഉപസമിതി കൺവീനർമാർ എന്നിവർക്കായി ആവശ്യമായ പദ്ധതി പരിചയപ്പെടുത്തൽ ശില്പശാല സംഘടിപ്പിക്കുക.
- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, പോലീസ് ചീഫ് എന്നിവരെ പദ്ധതി പരിചയപ്പെടുത്തുക.
- ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജില്ലാകളക്ടറെ പങ്കെടുപ്പിച്ച കൊണ്ട് വിവിധ വകുപ്പ് മേലധികാരികളുടെ യോഗം വിളിച്ച് ചേർത്ത് സംയോജന സാധ്യതകൾ ചർച്ച ചെയ്യുക. (ഇതിനായി ഡി പി എം (ജെന്റർ) പ്രത്യേക പ്രസന്റേഷൻ തയ്യാറാക്കണം)
- **ജില്ലയുടെ ചുമതലയുള്ള ബഹു.മന്ത്രി, ജില്ലയിലെ പാർലമെന്റംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവരെ പരിപാടിയിലേക്ക് ക്ഷണിക്കുക. ഇവർക്ക് ഗൃഹസന്ദർശനത്തിനായി പ്രത്യേക ക്രമീകരണം ചെയ്യുക.**
- തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികൾ എല്ലാവരും പരിപാടിയിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കുക
- അയൽക്കൂട്ടങ്ങളിൽ വായിച്ച് ചർച്ച ചെയ്യുന്നതിനാവശ്യമായ കുറിപ്പുകൾ പ്രിന്റ് ചെയ്ത് യഥാസമയം വിതരണം ചെയ്യുക
- സി ഡി എസ് തലത്തിൽ വാരാചരണ പ്രവർത്തനങ്ങളുടെ പൊതു ഏകോപനവും നിരീക്ഷണവും
- ആദ്യ രണ്ടു ഘട്ടങ്ങളിലായി നടത്തിയ ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ഡേറ്റയുടെ അടിസ്ഥാനത്തിലുള്ള വികസന നിർദ്ദേശങ്ങൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
- ജില്ലയിൽ ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിയ്ക്കുക.
- അയൽക്കൂട്ടങ്ങളിൽ സ്നേഹിതാ വാരാചരണ ചർച്ച നടക്കുന്നുവെന്ന് ഉറപ്പാക്കുക.

- **സ്നേഹിത കോളിംഗ് ബെൽ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകുന്നതും മാതൃകാപരമായ പ്രവർത്തനം സംഘടിപ്പിക്കുന്നതുമായ അയൽക്കൂട്ടങ്ങളെ ജില്ലാതലത്തിൽ ആദരിക്കുക.**
- **ജില്ലാ കളക്ടർ (സാധ്യമെങ്കിൽ)/ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഒപ്പിട്ട അഭിനന്ദന സർട്ടിഫിക്കറ്റ് തിരഞ്ഞെടുത്ത അയൽക്കൂട്ടങ്ങൾക്ക് നൽകുക.**
- പ്രവർത്തനാവലോകനം, വ്യക്തിഗത പ്ലാൻ, ആവശ്യകതാ പട്ടിക എന്നിവ തയ്യാറാക്കുന്നതിനായി സി ഡി എസുകളെ പ്രാപ്തമാക്കുക.
- സി ഡി എസ് തലത്തിൽ നടക്കുന്ന വാരാചരണ പ്രവർത്തനങ്ങളുടെ പൊതു ഏകോപനവും നിരീക്ഷണവും

**സി ഡി എസ് കമ്മിറ്റി**

- എല്ലാ അയൽക്കൂട്ടങ്ങളിലും സ്നേഹിത വാരാചരണം നടക്കുന്നുവെന്ന് ഉറപ്പാക്കുക
- തദ്ദേശഭരണ ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവരെ വാരാചരണ അയൽക്കൂട്ട യോഗത്തിൽ പങ്കെടുപ്പിക്കുക.
- സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളെ സംബന്ധിച്ച വികസന നിർദ്ദേശങ്ങൾ സ്നേഹിത സ്റ്റാഫിന്റെ സഹായത്തോടെ തയ്യാറാക്കി തദ്ദേശഭരണ സമിതിയുടെ ചർച്ചയ്ക്കായി സമർപ്പിക്കുക. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ ഇത് അവതരിപ്പിക്കാൻ പരിശ്രമിക്കണം.
- പരിപാടിയുടെ വിജയത്തിനാവശ്യമായ വിപുലമായ പ്രചരണം സംഘടിപ്പിക്കുക.
- വാരാചരണ കുറിപ്പ് എല്ലാ അയൽക്കൂട്ട യോഗങ്ങളിലും എത്തി എന്ന് ഉറപ്പാക്കുക.
- സി ഡി എസ് അംഗങ്ങൾക്ക് പരിപാടിയുടെ വിജയത്തിനായി വിവിധ വാർഡുകളുടെ ചുമതല വിഭജിച്ച് നൽകുക
- എല്ലാ എ ഡി എസ് യോഗങ്ങളും ചേർന്ന് വാരാചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു എന്ന് ഉറപ്പാക്കുക.
- സ്നേഹിത കോളിംഗ് ബെൽ പ്രവർത്തനത്തിൽ മികച്ചസേവനം കാഴ്ചവെച്ച അയൽക്കൂട്ടങ്ങളെ എ ഡി എസുകളുടെ സഹായത്തോടെ കണ്ടെത്തി സി ഡി എസ് തലത്തിൽ ആദരിക്കുക.
- അയൽക്കൂട്ടങ്ങൾ നടത്തിയ മികച്ച പ്രവർത്തനങ്ങൾ ജില്ലാ മിഷനു റിപ്പോർട്ട് ചെയ്യുക

- ജില്ലാതലത്തിൽ ആദരിക്കേണ്ട അയൽക്കൂട്ടങ്ങളുടെ പേരും അവർ നടത്തിയ പ്രവർത്തനങ്ങളുടെ ലഘു കുറിപ്പും ജില്ലാ മിഷനു കൈമാറുക
- സി ഡി എസ് തലത്തിലെ പൊതു ഏകോപനവും നിരീക്ഷണവും

**എ ഡി എസ് കമ്മിറ്റി**

- എല്ലാ അയൽക്കൂട്ടങ്ങളിലും വരാചരണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുക
- എ ഡി എസ് ഭാരവാഹികൾക്ക് ഓരോ അയൽക്കൂട്ടത്തിന്റെയും ചുമതല വിഭജിച്ച് നൽകുക.
- ജനപ്രതിനിധികൾ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണം ചെയ്യുക
- വാരാചരണ കുറിപ്പ് അയൽക്കൂട്ടങ്ങളിൽ എത്തിക്കുക
- എഡി എസ് പ്രദേശത്തെ ഇനിയും ഉൾപ്പെടുത്താനുള്ള അർഹരായവരുടെ പട്ടിക അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് സി ഡി എസിനു കൈമാറുക
- പിന്തുണാ സ്വീകർത്താക്കളുടെ വികസന നിർദ്ദേശങ്ങൾ താഴേത്തട്ടിൽ നിന്നു ശേഖരിച്ച് സി ഡി എസിനു കൈമാറുക
- സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം കാഴ്ചവെച്ച അയൽക്കൂട്ടങ്ങളെ കണ്ടെത്തി അവരുടെപ്രവർത്തന കുറിപ്പ് അടക്കം സി ഡി എസിനു കൈമാറുക
- വാരാചരണ റിപ്പോർട്ട് സി ഡി എസ് കമ്മറ്റിക്കു കൈമാറുക
- വാർഡ് തലത്തിലെ പൊതു ഏകോപനവും മേൽനോട്ടവും നിർവ്വഹിക്കുക

**റിസോഴ്സ് പേഴ്സൺ/ കോർ ടീം അംഗങ്ങളുടെ ചുമതലകൾ**

- പ്രവർത്തനങ്ങളുടെ വിജയത്തിനായി ജില്ലാ മിഷൻ ചുമതലപ്പെടുത്തുന്ന കാര്യങ്ങൾ നിർവ്വഹിക്കുക
- സി ഡി എസിനാവശ്യമായ പിന്തുണ നൽകുക
- വികസന നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുന്നതിന് സി ഡി എസിനെ സഹായിക്കുക
- വ്യക്തിഗത പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ സഹായം നൽകുക
- സി ഡി എസ് തല പ്രവർത്തന ഡോക്യുമെന്റേഷൻ നടത്തുക
- ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുക

## പ്രവർത്തന കലണ്ടർ

| ക്രമ നം | സമയ ക്രമം | പ്രവർത്തനം | ഉദ്ദേശ്യം | ചുമതല |
|---|---|---|---|---|
| 1 | ഒക്ടോബർ 20 നകം | ബഹു.മന്ത്രിമാർ, പാർലമെന്റംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവർക്ക് കത്തയക്കൽ | പങ്കാളിത്തം ഉറപ്പാക്കുന്നതിനായി | സംസ്ഥാന മിഷൻ |
| 2 | ഒക്ടോബർ 17 ന മുൻപായി | ജില്ലാതല ഉദ്യോഗസ്ഥരുടെ കൂടിയിരുപ്പ് (ഡി എം സി യുടെ സാന്നിദ്ധ്യത്തിൽ) ജില്ലയുടെ ചുമതലയുള്ള കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗത്തെ ഈ യോഗത്തിലേക്ക് ക്ഷണിക്കണം | ജില്ലാതല പ്രവർത്തനാസൂത്രണം | എ ഡി എം സി (ജെന്റർ) |
| 3 | ഒക്ടോബർ 22 ന മുൻപായി | പദ്ധതി പരിചയപ്പെടുത്തൽ ശില്പശാല - തദ്ദേശഭരണ അധ്യക്ഷന്മാർ, ക്ഷേമകാര്യ ചെയർപേഴ്സന്മാർ, സി ഡി എസ് ചെയർപേഴ്സന്മാർ, മെമ്പർസെക്രട്ടറിമാർ, സി ഡി എസ് സാമൂഹിക ഉപസമിതി കൺവീനർമാർ എന്നിവരെ പങ്കെടുപ്പിക്കണം | പദ്ധതി പരിചയപ്പെടുത്തൽ - സി ഡി എസ് തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ,<br>ജില്ലാതല സംഘാടക സമിതി രൂപീകരണം | ജെന്റർ ടീം സംഘടനാ ടീമുമായി സഹകരിച്ച് |
| 4 | ഒക്ടോബർ 22 ന മുൻപായി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, പോലീസ് ചീഫ് മറ്റ് പ്രമുഖരെ പദ്ധതി പരിചയപ്പെടുത്തൽ | വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവരുടെ പിന്തുണ ഉറപ്പാക്കാൻ | ജെന്റർ എ ഡി എം സി, ഡി പി എം |
| 5 | ഒക്ടോബർ 22 ന മുൻപായി | ജനപ്രതിനിധികളെ ക്ഷണിക്കൽ | സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനായി | എ ഡി എം സി, ഡി പി എം |
| 6 | നവംബർ രണ്ടിന മുൻപായി | സി ഡി എസ് ജനറൽ ബോഡി യോഗം | • സി ഡി എസ് തല ആസൂത്രണം, ചുമതല നൽകൽ, ജനപ്രതിനിധികളെ ക്ഷണിക്കൽ തുടങ്ങി പരിപാടിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച | സി ഡി എസ് ചെയർപേഴ്സൻ, അകൗണ്ടന്റ്, സി ഡി എസ് ഡി കമ്മിറ്റി |

| | | | | |
|---|---|---|---|---|
| | | | ചെയ്യുന്നതിന്<br>• നിലവിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന അയൽക്കൂട്ടങ്ങളെ കണ്ടെത്തുന്നതിന്<br>• നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | കൺവീനർ |
| 7 | നവംബർ 5 ന മുൻപായി | മികച്ച അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് ജില്ലാ മിഷനു കൈമാറൽ | ജില്ലാതലത്തിൽ ആദരിക്കുന്നതിന് | സി ഡി എസ് കമ്മറ്റി |
| 8 | നവംബർ എട്ടിനു മുൻപായി | എ ഡി എസ് തല ആസൂത്രണം | അയൽക്കൂട്ടതല ആസൂത്രണം, ചുമതല നിശ്ചയിക്കൽ മുതലായവ | എ ഡി എസ് കമ്മറ്റി |
| 9 | നവംബർ 8 നകം | അയൽക്കൂട്ടങ്ങൾക്കാവശ്യമായ കുറിപ്പ് എത്തിക്കൽ | അയൽക്കൂട്ടതല വായനയ്ക്ക് | എ ഡി എസ് കമ്മറ്റി |
| 10 | നവംബർ 8 നകം | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന നിർദ്ദേശങ്ങൾ സമർപ്പിക്കൽ | സാമൂഹ്യ -സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്നതിനായി | ജെന്റർ, സ്നേഹിത ടീം, സംഘടന ബി സിമാർ |
| 11 | നവംബർ 13/14 | ജില്ലാതല പത്രസമ്മേളനം | പ്രചരണം | ഡി എം സി |
| 12 | നവംബർ 15,16,17 | സ്നേഹിത കോളിംഗ് ബെൽ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ | അയൽക്കൂട്ടാംഗങ്ങളിൽ അവബോധം സൃഷ്ടിക്കുക, പിന്തുണാ സ്വീകർത്താക്കൾക്ക് ആത്മവിശ്വാസം നൽകുക മുതലായവ | എ ഡി എസ് കമ്മറ്റി |
| 13 | നവംബർ 25 നകം | • വാരാചരണ പ്രവർത്തനങ്ങളുടെ സി ഡി എസ് തല അവലോകനം<br>• സ്നേഹിത/ജെന്റർ കോർ ടീം എന്നിവരുടെ നേതൃത്വത്തിൽ വ്യക്തിഗത പ്ലാൻ തയ്യാറാക്കൽ | വ്യക്തിഗത അരക്ഷിതാവസ്ഥ ലഘൂകരിക്കുന്നതിനും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഇതു സഹായകമാകും. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ | ജെന്റർ കോർ ടീം, സ്നേഹിത, സി ഡി എസ് എസ് ഡി |

| | | | | |
|---|---|---|---|---|
| | | | ഉൾപ്പെടുത്തുന്നതിനായി മികച്ച ഡേറ്റാ ബേസ് ആയി ഇത് ഉപയോഗപ്പെടുത്താം | ഉപസമിതി |
| 14 | നവംബർ 30നകം | ജില്ലാ/ബ്ലോക്ക്തല അദാലത്ത് സംഘടിപ്പിക്കുക | പ്രശ്ന പരിഹാരം വേഗത്തിൽ നടത്തുവാൻ | എ ഡി എം സി, ഡി പി എം |
| 15 | നവംബർ 30നകം | സംസ്ഥാന മിഷനിലേക്ക് ജില്ലാതല റിപ്പോർട്ട് സമർപ്പണം | തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് | ജെന്റർ കോർ ടീം, സ്നേഹിത |
| 16 | തൊട്ടടുത്തു കൂടുന്ന ഒരു മികച്ച യോഗത്തിൽ | മികച്ച അയൽക്കൂട്ടങ്ങളെ ആദരിക്കൽ<br>സി ഡി എസ് തലം<br>ജില്ലാതലം | മികച്ച മാതൃകകൾ മനസ്സിലാക്കുന്നതിനും പകർത്തുന്നതിനും | ജെന്റർ ടീം, സി ഡി എസ് എസ് ഡി ഉപസമിതി |

## സാമ്പത്തികം

- ജില്ലാതല ശില്പശാല - ഒരാൾക്ക് ഭക്ഷണം, റിഫ്രഷ്മെന്റ്, സ്റ്റേഷനറിയടക്കം 150 രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണ്
- ഹാൾ വാടക ഇനത്തിൽ പരമാവധി 7500 രൂപയും സൗണ്ട് സിസ്റ്റത്തിനായി 3000 രൂപയും ചെലവഴിക്കാവുന്നതാണ്.
- വാരാചരണ കുറിപ്പ് സി ഡി എസുകളിൽ എത്തിക്കൽ - യഥാർത്ഥ യാത്രാ ചെലവ്
- കോർ ടീം ആർ പി ഓണറേറിയം - ഒരു സി ഡി എസിൽ പരമാവധി മൂന്ന് ദിവസത്തേക്ക് ആർ പിയുടെ സേവനം നൽകാവുന്നതാണ് 500 രൂപ ഓണറേറിയവും യഥാർത്ഥ യാത്രാചെലവും അനുവദിക്കാവുന്നതാണ്. എന്നാൽ ദുർഘട പ്രദേശങ്ങളിൽ ജീപ്പ് അടക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഡി എം സിയുടെ പ്രത്യേകാനുമതിയോടെ യഥാർത്ഥ വാഹന വാടക നൽകാവുന്നതാണ്. അതുപോലെ ദുർഘട പ്രദേശങ്ങളിൽ ആർ പിയുടെ സേവനം പരമാവധി നാലു ദിവസം ഉപയോഗിക്കാവുന്നതാണ്
- പത്ര സമ്മേളനം -പരമാവധി 5000 രൂപ
- ഭാഷാ ന്യൂനപക്ഷമേഖലകളിൽ വാരാചരണ കുറിപ്പ് ഭാഷാന്തരം വരുത്തി പ്രിന്റ് ചെയ്തു കൊടുക്കാവുന്നതാണ്. ഇതിനാവശ്യമായ യഥാർത്ഥ ചെലവ് സർക്കാർ വ്യവസ്ഥകൾക്ക് വിധേയമായി ചെലവഴിക്കാവുന്നതാണ്.

- വാരാചരണ പരിപാടിയുമായി ബന്ധപ്പെട്ട വരുന്ന അപ്രതീക്ഷിത ചെലവുകൾ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ വിവേചനാധികാരത്തിലും സർക്കാർ നിബന്ധനകൾക്ക് വിധേയമായും നിർവ്വഹിക്കാവുന്നതാണ്.
- മുകളിൽ പരാമർശിച്ചിരിക്കുന്ന ചെലവുകൾ GD 15 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- സ്നേഹിത കോളിംഗ് ബെൽ പദ്ധതിയെ സംബന്ധിച്ച് 43 ലക്ഷം അയൽക്കൂട്ടാംഗങ്ങളെയും ബോധവത്ക്കരിക്കുന്നതിനും അരികുവത്ക്കരിക്കപ്പെട്ടവരുടെ ഉന്നമനം, സാമൂഹിക ഉൾച്ചേർക്കൽ എന്നിവ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളിൽ പ്രധാനമാണെന്ന് തിരിച്ചറിയുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത ഉറപ്പാക്കാൻ കഴിയുന്നു
- പൊതു സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുന്നു
- സ്വീകർത്താക്കളെ സംബന്ധിച്ച വ്യക്തിഗത പ്ലാൻ തയ്യാറാക്കുന്നതിനും ആവശ്യമായ പിന്തുണകൾ സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും കഴിയുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി
ഡയറക്ടർ(A&F)
കുടുംബശ്രീ